# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4797

26-06-2019 -ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ. എ. സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ പ്രവർത്തന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയ നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ; | (എ) | ഗ്രാമപഞ്ചായത്തുതലത്തിൽ നടത്തുന്ന സമഗ്രമായ ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാനത്തിലാണ് ഓരോ വർഷവും തൊട്ടടുത്ത വർഷത്തേക്കുള്ള തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നത്. ഇതിലേക്കായി ഓരോ വർഷവും കേന്ദ്രസർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. ഒക്ടോബർ മാസം രണ്ടാം തീയതി ഗ്രാമസഭ യോഗം ചേർന്ന് നടപ്പ് വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ് ആദ്യഘട്ടം. തുടർന്ന് അയൽക്കൂട്ടതല ചർച്ചകൾ നടത്തി അടുത്തവർഷം അയൽക്കൂട്ട പ്രദേശത്ത് ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികൾ നിശ്ചയിക്കുന്നു. ഇത്തരത്തിൽ അയൽക്കൂട്ടങ്ങൾ കണ്ടെത്തുന്ന പ്രവൃത്തികൾ വാർഡുതലത്തിൽ ക്രോഡീകരിക്കുന്നു. തുടർന്ന് തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ വിളിച്ചുചേർത്ത് പദ്ധതി നടത്തിപ്പിൽ തൊഴിലാളികളുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തുന്നു. ഇത്തരത്തിൽ തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ടും ഗ്രാമസഭയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും തുടർന്ന് ഗ്രാമ, ബ്ലോക്ക്,ജില്ലാപഞ്ചായത്തുകളുടെ അംഗീകാരം ലഭ്യമാക്കി അന്തിമമാക്കുകയും ചെയ്യുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ സമഗ്ര വികസനം മുന്നിൽക്കണ്ട് ഹരിതകേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി എന്തെല്ലാം പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | ഹരിതകേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമായി തൊഴിലുറപ്പ് പദ്ധതിയിൽ പ്രധാനമായും കൃഷി,ജലസുരക്ഷ, ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. നഴ്സറി നിർമ്മാണം/വൃക്ഷവത്കരണ പ്രവർത്തനങ്ങൾ<br>2.മൺകയ്യാല,കല്ലുകയ്യാല,തട്ടുതിരിക്കൽ,മഴക്കുഴികൾ തുടങ്ങിയ പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | 3.പെർക്കുലേഷൻ ടാങ്കുകളുടെ നിർമ്മാണം<br>4.കൃഷിക്ക് ജലസേചനം ഒരുക്കുന്നതിനുവേണ്ടി ഫാം പോണ്ടുകളുടെ നിർമ്മാണം<br>5.പൊതുകുളങ്ങളുടെ നിർമ്മാണം/നവീകരണ പ്രവൃത്തികൾ<br>6.കിണർ റീചാർജ്ജിംഗ്<br>7.ജലസേചനത്തിനുവേണ്ടിയുള്ള കിണറുകളുടെ നിർമ്മാണം<br>8.ജലസേചന കനാലുകളുടെ പുനരുദ്ധാരണം<br>9.ഫീൽഡ് കനാലുകളുടെ നിർമ്മാണം/പുനരുദ്ധാരണം<br>10.വിവിധയിനം തടയണകളുടെ നിർമ്മാണം<br>11.കമ്പോസ്റ്റ് പിറ്റ്,കമ്പോസ്റ്റിംഗ് സംവിധാനങ്ങളുടെ നിർമ്മാണം<br>12.സോക്ക് പിറ്റുകളുടെ നിർമ്മാണം തുടങ്ങിയവ |
| (സി) | ഗ്രാമീണ ജനതയുടെ ജീവനോപാധി ഉറപ്പുവരുത്തുന്നതിന് സഹായകമായ രീതിയിൽ ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണനത്തിന് എന്തെല്ലാം നടപടികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കാർഷിക ഉൽപന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥിരമായ സംഭരണ സംവിധാനങ്ങൾ, ഗ്രാമീണ മേഖലയിലെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള ഗ്രാമചന്തകളുടെ നിർമ്മാണം എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**